# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

### പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## ഇരിങ്ങാലക്കുട ബ്ലോക്ക്, തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 37/2018(74), വെള്ളിയാഴ്ച — തീയ്യതി 14.09.2018

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 0.5 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.8 മുതൽ 32.5 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.0 മുതൽ 22.7 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 88 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 51 മുതൽ 60 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.7 മുതൽ 2.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.6 മുതൽ 10.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.4 മുതൽ 4.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 15.09.2018 | 16.09.2018 | 17.09.2018 | 18.09.2018 | 19.09.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 7 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 004 | 004 | 004 | 004 | 004 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |

**അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കും.**
**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ഇരിങ്ങാലക്കുട ബ്ലോക്കിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | നെല്ലിലെ ബാക്ടീരിയൽ ഇല കരിച്ചൽ നിയന്ത്രിക്കാൻ പച്ച ചാണകം 200 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20ഗ്രാം സ്യുഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്. 10 ദിവസം ഇടവിട്ട് 2-3 തവണയെങ്കിലും തളിക്കണം. |
| വാഴ | കുലച്ച പരുവം | ഇലപ്പുള്ളി രോഗം | വാഴയിൽ കാണുന്ന ഇലപുള്ളി രോഗത്തെ നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| കുരുമുളക് | - | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക. |